# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:467** **17.05.2017-ൽ മറുപടിക്ക്**

## ആരോഗ്യമേഖലയിൽ നീതി ആയോഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ

**ചോദ്യം** **മറുപടി**

**ശ്രീ. കെ.ബി.ഗണേഷ് കുമാർ**
**ശ്രീ. കെ. കൃഷ്ണൻകുട്ടി**
**ശ്രീ. സി.കെ.നാണു**
**ശ്രീ. എ. കെ. ശശീന്ദ്രൻ**

**ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | രാജ്യത്തെ ജില്ലാ ആശുപത്രികളുടെയും താലൂക്കാശുപത്രികളുടെയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെയും പ്രവർത്തനം വിലയിരുത്താനും മെച്ചപ്പെടുത്താനുമുള്ള നീതി ആയോഗിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | എ) | നീതി ആയോഗും കേന്ദ്ര ആരോഗ്യ മന്ത്രാലയവും സംയുക്തമായി Health Index Initiative ലൂടെ സംസ്ഥാനങ്ങളുടെ റാങ്കിംഗ് നടപ്പിലാക്കി വരുന്നു. ആരോഗ്യ സൂചികകളും, സദ് ഭരണ സൂചികകളും ഫണ്ട് വിനിയോഗ സൂചികകളും ഉൾപ്പെടുത്തിയാണ് സംസ്ഥാനത്തിന്റെ Health Index തയ്യാറാക്കുന്നത്. ആഗസ്റ്റ് 2017 -ഓടെ Health Index തയ്യാറാക്കി സെപ്റ്റംബർ 2017-ൽ പ്രസിദ്ധീകരിക്കുമെന്നാണ് നീതി ആയോഗ് അറിയിച്ചിട്ടുള്ളത്. ഇതോടൊപ്പം 6 ഗുണനിലവാര സൂചികകളുടെ അടിസ്ഥാനത്തിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയും ജില്ലാ ആശുപത്രികളെയും റാങ്കിംഗ് നടത്തുന്നുണ്ട്. സർക്കാർ ടി സൂചികകളുടെ മാനദണ്ഡങ്ങൾ വിശദമായി പഠിച്ച്. ആരോഗ്യ മേഖലയിൽ നടപ്പാക്കേണ്ട സദ് ഭരണ പ്രവർത്തനങ്ങളും ആശുപത്രികളെ രോഗീസൗഹൃദ കേന്ദ്രങ്ങളാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയാണ് ആർദ്രം മിഷൻ ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡ് (IPHS) മാനദണ്ഡങ്ങൾ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ, ഇ-ഹെൽത്ത് സംവിധാനം, മാതൃ ശിശു സംരക്ഷണ പ്രവർത്തനങ്ങൾ, 12 സ്പെഷ്യാലിറ്റികളുടെ ലഭ്യത, ആശുപത്രി ശുചിത്വം, ലാബ് സൗകര്യം, മരുന്നുകളുടെ ലഭ്യത, സോഷ്യൽ ഓഡിറ്റ് സംവിധാനം തുടങ്ങിയവ ആരോഗ്യ മേഖലയിൽ ആർദ്രം മിഷനിലൂടെ നടപ്പിലാക്കുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.<br>ജില്ലാ ആശുപത്രികളടക്കം വിവിധ ആരോഗ്യ സ്ഥാപനങ്ങളുടേയും, ആരോഗ്യ പ്രവർത്തനങ്ങളുടേയും സംസ്ഥാന തലത്തിലും, ആരോഗ്യ സ്ഥാപന തലത്തിലും വിലയിരുത്തുന്നതിനുള്ള ചില മാർഗ്ഗ നിർദ്ദേശങ്ങൾ നീതി ആയോഗിന്റെ വെബ്സൈറ്റിൽ വന്നത് ശ്രദ്ധയിപ്പെട്ടിട്ടുണ്ട്. വിവിധ വിഭാഗം ആശുപത്രികളുടേയും ആരോഗ്യ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ വിലയിരുത്താനും മെച്ചപ്പെടുത്താനുമായി ആർദ്രം മിഷൻ അടക്കം വിവിധ പരിപാടികൾക്ക് ആരോഗ്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ കേരളത്തിന് ഗുണകരവും നടപ്പാക്കാവുന്നതുമായ എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളതെന്ന് വ്യക്തമാക്കാമോ? | ബി) | നീതി ആയോഗിന്റേതടക്കം ഗുണകരമായ താഴെ പറയുന്ന നിർദ്ദേശങ്ങൾ ആർദ്രം പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് .<br><br>1. ആശുപത്രി ഇൻഫർമേഷൻ സിസ്റ്റം<br>2. ബ്ലഡ് ബാങ്ക്, അണുനശീകരണ സംവിധാനം<br>3. ജില്ലാ ആശുപത്രികളിൽ 2 സ്പെഷ്യാലിറ്റികളുടെ ലഭ്യത<br>4. ആശുപത്രി ശുചിത്വം, ക്വാളിറ്റി സർട്ടിഫിക്കേഷൻ<br>5. ആധുനിക ലാബ് സൗകര്യം<br>6. പരാതി പരിഹാര സംവിധാനം<br>7. അവശ്യ മരുന്നുകളുടെ ലഭ്യത<br>8. ആശുപത്രി സോഷ്യൽ ഓഡിററ് സംവിധാനം<br><br>സി.എച്ച്.സി സ്റ്റാർ റേറ്റിംഗ് മാനദണ്ഡങ്ങളിൽ പറഞ്ഞിരിക്കുന്ന രോഗീസൗഹൃദ സംവിധാനം, ആശുപത്രി ശുചിത്വം, ആധുനിക ലാബ്, പരാതി പരിഹാര സംവിധാനം, അവശ്യ മരുന്നുകളുടെ ലഭ്യത എന്നിവയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |

**സെക്ഷൻ ഓഫീസർ**